**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1159** **05-03-2020 ൽ മറുപടിക്ക്**

## പട്ടയ ഭൂമിയിൽ നട്ടുവളർത്തിയ തേക്ക് മരങ്ങൾ മുറിച്ചുമാറ്റുന്നതിനുളള അനുമതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 1966 ൽ ഡിസ്റിസർവ് ചെയ്ത് സംരക്ഷിത വനമേഖലയല്ലാതാക്കി മാറ്റി എൽ.എ. പട്ടയങ്ങൾ നൽകിയ കർഷകരുടെ കൈവശ ഭൂമിയിൽ അവർ നട്ടുവളർത്തിയ തേക്ക് മരങ്ങൾ മുറിച്ചുമാറ്റി റീപ്ലാന്റ് ചെയ്യുന്നതിന് സർക്കാർ അനുമതി നൽകുമോ;<br><br>(ബി) ഇതു സംബന്ധിച്ച പട്ടയത്തിലെ നിബന്ധനകൾ നീക്കി ഉപാധിരഹിത പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ) യും (ബി) യും | 1964 ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരം പതിച്ച നൽകിയ ഭൂമിയിൽ കർഷകർ നട്ട വളർത്തിയതും പട്ടയഭൂമിയിൽ നില നിന്നിരുന്നതുമായ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളുടെയും ഉടമസ്ഥാവകാശം പട്ടാദാർക്കാണ് എന്ന രീതിയിൽ വ്യവസ്ഥകളിൽ ഭേദഗതി വരുത്തി എസ്.ആർ.ഒ നം.621/2017 പ്രകാരം നോട്ടിഫിക്കേഷൻ 2017 മുതൽ നില വിലുള്ളതിനാൽ പട്ടയഫാറത്തിലുള്ള വ്യവസ്ഥകൾ കണക്കാക്കേണ്ടതായി കാണുന്നില്ലാ യെന്നും ഇക്കാര്യം ചൂണ്ടിക്കാട്ടി എല്ലാ ജില്ലാ കളക്ടർമാർക്കും സർക്കുലർ വഴി നിർദ്ദേശം നൽകുന്നതിന് 05.02.2020 ന് ബഹു. റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു. വനം വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും ചേർന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്. സർക്കുലർ പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>1970 ലെ ആരബിൾ ഫോറസ്റ്റ് ലാൻഡ് അസൈൻമെന്റ് റൂൾസ് പ്രകാരമോ 1993 ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ (01.01.1977 ന് മുമ്പുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ) പ്രകാരമോ പതിച്ചു നൽകിയ ഭൂമിയിൽ പട്ടയത്തിലെ ഷെഡ്യൂളിൽ പരാമർശിച്ചിട്ടുള്ള മരങ്ങൾ മുറിച്ചു മാറ്റുന്നതിന് വ്യവസ്ഥ ഇല്ലാത്തതും പ്രസ്തുത ചട്ടങ്ങൾ പ്രകാരം പതിച്ചു കിട്ടിയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയ തേക്കു മരങ്ങൾ മുറിച്ചു മാറ്റി റീപ്ലാന്റ് ചെയ്യുന്നതിന് ചട്ടത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് വനംവകുപ്പിന്റെയും നിയമ വകുപ്പിന്റെയും അഭിപ്രായം കൂടി ആരാഞ്ഞ ശേഷം മാത്രമെ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**